# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4275** | **12/11/2019-ൽ മറുപടിക്ക്**

## പാറശ്ശാലയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം

| | ചോദ്യം<br><br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല **ഇലക്ട്രിക്കൽ** സെക്ഷൻ ഓഫീസ് കെട്ടിടം പണിയുന്നതിന് പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി പാറശ്ശാല ഗ്രാമപഞ്ചായത്ത് സർക്കാരിന്റെ തദ്ദേശസ്വയം ഭരണ വകുപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുളളതായി കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ സെക്ഷൻ ഓഫീസ് **കെട്ടിടം** നിർമ്മിക്കുന്നതിനായി കുറഞ്ഞത് 10 സെന്റ് സ്ഥലമാണ് ആവശ്യമുള്ളത്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>വെള്ളറട 33 കെ.വി സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ വെള്ളറട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പണിയുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വെള്ളറട സെക്ഷൻ ഓഫീസിന് സ്വന്തമായി സ്ഥലമുണ്ടോ; വിശദാംശം അറിയിക്കാമോ; | | |
| (ഡി) | പാറശ്ശാല ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വക സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | | |
| (ഇ) | പരിമിതമായ സൗകര്യങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ